# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2189** **23.03.2012 ലെ മറുപടിക്ക്**

### പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരായി നിയമിക്കുവാനുള്ള മാനദണ്ഡങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.വി.രാജേഷ്: | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി ) |
| (എ) പഞ്ചായത്തുകളുടെ കീഴിൽ ശിശുമന്ദിരം, സാംസ്കാരിക നിലയം എന്നിവിടങ്ങളിൽ നഴ്സറി ടീച്ചർ, ആയ, ലൈബ്രേറിയൻ എന്നീ തസ്തികയിൽ ജോലി ചെയ്യുന്ന എത്ര പേരെ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്; ഇവരെ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരായി നിയമിക്കുവാൻ എന്തൊക്കെ മാനദണ്ഡങ്ങൾ ആണ് സ്വീകരിച്ചിട്ടുള്ളത്; | (എ) സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളുടെ കീഴിൽ സാംസ്കാരിക നിലയം, ശിശുമന്ദിരം എന്നിവിടങ്ങളിൽ ലൈബ്രേറിയൻ, നഴ്സറി ടീച്ചർ, ആയ എന്നീ തസ്തികകളിൽ ജോലി ചെയ്യുന്ന 300 ലൈബ്രേറിയൻമാർ , 147 നഴ്സറി ടീച്ചർമാർ, 134 ആയമാർ എന്നിവരെ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരായി നിയമിച്ച് സ.ഉ(എം.എസ്) നമ്പർ 170/10/ തസ്വഭവ തീയതി 06.08.2010 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 31.12.2000 നോ അതിനുമുൻപോ ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കപ്പെട്ടവരും തുടർച്ചയായി ജോലി നോക്കുന്നവരുമാകണം എന്ന മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് മേൽപ്പറഞ്ഞ ജീവനക്കാരെ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരായി നിയമനം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. |

(ബി) കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽപ്പെട്ട ചെറുതാഴം ഗ്രാമപഞ്ചായത്തിലെ ശിശുമന്ദിരത്തിൽ നഴ്സറി ടീച്ചറായ ശ്രീമതി. എൻ. വി. ഗീതയെ പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരിയായി നിയമിക്കണമെന്നത് സംബന്ധിച്ച ഫയലിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ശ്രീമതി എൻ. വി. ഗീതയെ പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരിയായി നിയമിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

(ബി) & (സി) കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽപ്പെട്ട ചെറുതാഴം ഗ്രാമപഞ്ചായത്തിലെ ശിശുമന്ദിരത്തിൽ നഴ്സറി ടീച്ചറായ ശ്രീമതി.എൻ. വി. ഗീതയുടെ നിയമനം പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരിയായി ക്രമവൽക്കരിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**